(ബി) പത്താം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായി അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശമ്പളകമ്മീഷൻ റിപ്പോർട്ട് 1-7-2014 പ്രാബല്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ശമ്പളപരിഷ്കരണ കാലയളവ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

ബഡ്ജറ്റ് 2015-16-ൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

100 (1840) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ബന്ധപ്പെട്ട ഭരണവകുപ്പ് പദ്ധതി നിർവ്വഹണത്തിന് മുൻകൈ എടുക്കാതിരുന്നതിനാലും ധനവകുപ്പ് ഫണ്ടുകൾ നൽകിയിട്ടില്ലാത്തതിനാലും നടപ്പിലാക്കാൻ കഴിയാതെ ബഡ്ജറ്റ് പ്രസംഗത്തിൽ മാത്രം നിലകൊള്ളുകയും ചെയ്ത പദ്ധതികൾ ഉണ്ടോ; അവ ഏത്;

(സി) ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി നിരീക്ഷിക്കാറുണ്ടോ; ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏത്; പൂർണ്ണമായും സാക്ഷാത്കരിച്ചവ ഏത്; പ്രസംഗത്തിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതികൾ സാക്ഷാത്കരിക്കാതെ പോയിട്ടുള്ളവ ഏത്;

(ഡി) ആസൂത്രണത്തിലെ അഭാവത്തെയും നിർവ്വഹണത്തിലെ പോരായ്മയുടെയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി അറിയാമോ?

ഉത്തരം

(എ&ബി) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കി വരികയാണ്. അവയിൽ ചില

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ നിർവ്വഹണം ഇതിനോടകംതന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. എന്നാൽ സാങ്കേതിക കാരണങ്ങൾകൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള ഭരണപരമായ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പുവർഷം ആവശ്യമായ തുക ഉചിത മാർഗ്ഗങ്ങളിലൂടെ അനുവദിച്ച് നൽകിവരുന്നുണ്ട്.

(സി) ബഡ്ജറ്റ് പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ നിർവ്വഹണ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നിർവ്വഹണം വകുപ്പുതല യോഗങ്ങളിൽ അവലോകനം ചെയ്യാറുണ്ട്. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2015-16 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച അൻപത്തിയെട്ട് പദ്ധതികളിൽ പത്തെണ്ണം പൂർണ്ണമായും സാക്ഷാത്കരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(ഡി) ആസൂത്രണത്തിലെ അഭാവത്തേയും നിർവ്വഹണത്തിലെ പോരായ്മയുടെയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതി

101 (1841) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയുടെ ഭാഗമായ മഹിളാ പ്രധാൻ ഏജന്റുമാർക്ക് 2015-16 വർഷത്തെ ലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുവരെ എത്ര കോടി രൂപ സമാഹരിച്ചു ;

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഈ ജോലിക്കു പുറമെ മാലിന്യ സംസ്കരണം, ജലസംരക്ഷണം, വൈദ്യുതി വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അധിക ജോലി നൽകിയിട്ടുണ്ടോ ; ഇതിന് പ്രത്യേക വേതനം നൽകുന്നുണ്ടോ ;

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly